"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം-ജീവനക്കാര്യം- വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമ പഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പർ ആയ ശ്രീ. അനിൽ കുമാർ ആലഞ്ചേരിയുടെ മകളുടെ വിവാഹത്തിന് ധന സഹായം അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1927/2025/LSGD തീയതി,തിരുവനന്തപുരം, 04-08-2025

---

പരാമർശം:- 1. സ.ഉ(പി) നം 5/2017/ധന, തീയതി 18.01.2017.

2. സ.ഉ(കൈ)നം.82/2023/ധന, തീയതി 01.08.2023

3. ശ്രീ. അനിൽ കുമാർ ആലഞ്ചേരിയുടെ 28.07.2024 ലെ അപേക്ഷ

4. പ്രിൻസിപ്പൽ ഡയറക്ടറുടെ 17.12.2024ലെ No. LSGD/PD/37927/2024-DEF5നമ്പർ കത്ത്.

**ഉത്തരവ്**

വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമ പഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പർ ആയ ശ്രീ. അനിൽ കുമാർ ആലഞ്ചേരിയുടെ മകളുടെ വിവാഹത്തിന് ധന സഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ ശിപാർശ ചെയ്തത് പരിഗണിച്ച് ശ്രീഅനിൽ കുമാർ ആലഞ്ചേരിയുടെ മകളുടെ വിവാഹത്തിന് ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിൽ പരാമർശം (2) ഉത്തരവിന് വിധേയമായി 6% പലിശനിരക്കിൽ 1,50,000/- (ഒന്നര ലക്ഷം രൂപ മാത്രം) രൂപയുടെ വിവാഹവായ്പ തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) തുക കൈമാറുന്നതിന് മുൻപായി അപേക്ഷകനിൽ നിന്നും 200/- രൂപ വിലയുള്ള മുദ്ര പത്രത്തിൽ നിശ്ചിത മാതൃകയിലുള്ള സമ്മതപത്രം ഒപ്പിട്ട് വാങ്ങേണ്ടതാണ്.

ii) പരമാവധി തിരിച്ചടവ് കാലാവധി അറുപത് തവണകളായി നിജപ്പെടുത്തേണ്ടതും തുക കൈപ്പറ്റിക്കഴിഞ്ഞ് തൊട്ടടുത്ത മാസം മുതൽ തിരിച്ചടവ് ആരംഭിക്കേണ്ടതുമാണ്.

iii) മുതലിനത്തിൽ തിരിച്ചുപിടിക്കുന്ന തുക '7610-സർക്കാർ ജീവനക്കാർക്കുള്ള വായ്പകൾ-800-മറ്റ് മുൻകൂറുകൾ -90-ക്ലാസ് IV ജീവനക്കാരുടെ പെൺമക്കളുടെ വിവാഹത്തിനുള്ള മുൻകൂറുകൾ-രസീത്' എന്ന ശീർഷകത്തിലും ശേഷം പലിശയായി ഈടാക്കുന്ന തുക '0049-04-118-96 - other advances' എന്ന ശീർഷകത്തിലും ഒടുക്കേണ്ടതാണ്.

iv) ജീവനക്കാരൻ സേവനത്തിൽ നിന്ന് വിരമിക്കുന്നതിന് 1 വർഷത്തിന് മുൻപ് തിരിച്ചടവ് (മുതലും പലിശയും ഉൾപ്പെടെ) പൂർത്തീകരിച്ചിരിക്കണം. അടവ് തുക ശേഷിക്കുന്നുണ്ടെങ്കിൽ അത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ DCRG യിൽ നിന്ന് ക്രമീകരിക്കേണ്ടതാണ്.

v) വായ്പാ തുക യഥാസമയം പിൻവലിച്ച് അപേക്ഷകന് വിതരണം ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ അത് 31.03.2026 - നോ അതിനുമുൻപോ സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതാണ്.

vi) പിൻവലിച്ച് വിതരണം ചെയ്യുന്നതിന് മുൻപായി ലോൺ രജിസ്റ്ററിലും അപേക്ഷകന്റെ സേവനപുസ്തകത്തിലും ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തണം. വായ്പ അനുവദിച്ചു കൊണ്ടുള്ള അനുമതി 2025-26 സാമ്പത്തിക വർഷം തീരുന്നതോടെ റദ്ദാകുന്നതാണ്.

vii) വായ്പ അനുവദിക്കപ്പെട്ട ജീവനക്കാരന്റെ പേരിൽ മറ്റ് മുൻകൂറുകളൊന്നും തീർപ്പാക്കാൻ ശേഷിക്കുന്നില്ലെന്ന് വകുപ്പ് തലവൻ ഉറപ്പാക്കേണ്ടതാണ്.

vii) പെൺകുട്ടിയുടെ മാതാപിതാക്കൾ രണ്ടു പേരും ക്ലാസ് ഫോർ/പാർട്ട് ടൈം ജീവനക്കാരാണെങ്കിൽ മാതാപിതാക്കളിൽ ഒരാൾക്കു മാത്രമേ വിവാഹധനസഹായത്തിനുള്ള അർഹതയുള്ളൂ .

2. വിവാഹ ധന സഹായവുമായി ബന്ധപ്പെട്ട ചെലവ് "7610- സർക്കാർ ജീവനക്കാർക്കുള്ള വായ്പകൾ - 800- മറ്റ് മുൻകൂറുകൾ - 90 - ക്ളാസ് IV ജീവനക്കാരുടെ പെൺമക്കളുടെ വിവാഹത്തിനുള്ള മുൻകൂറുകൾ" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, വയനാട്(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
സെക്രട്ടറി, തിരുനെല്ലി ഗ്രാമപഞ്ചായത്ത്, വയനാട്(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീ. അനിൽ കുമാർ ആലഞ്ചേരി, പാർട്ട് ടൈം സ്വീപ്പർ, തിരുനെല്ലി ഗ്രാമപഞ്ചായത്ത്,
വയനാട്(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ധന വകുപ്പ്(Loans-L2/152/2025-FIN (E 3130073), തീയതി 12.05.2025 നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(290/ഇപിഎ2/2024/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 05-08-2025 11:04:52
[illegible] ഓഫീസർ